# Malayala Manorama

# 20 August 2018

# Aluva, Looting During Flood



## പ്രളയത്തിനിടെ പെരുംകവർച്ച

ആലുവ • മഹാപ്രളയത്തിൽ നാടു മരവിച്ചിരിക്കെ കവർച്ച. ആലപ്പുഴയിൽനിന്നു നഗരസഭയിൽ രക്ഷാപ്രവർത്തനത്തിന് എത്തിയ മൽസ്യത്തൊഴിലാളികളുടെ ബോട്ട് തോട്ടയ്ക്കാട്ടുകര പ്രിയദർശിനി ടൗൺ ഹാളിൽനിന്നു മോഷണംപോയി.

ആവശ്യം കഴിഞ്ഞു കടത്തുകടവിൽ ചാരിവച്ച മറ്റൊരു ബോട്ടിന്റെ എൻജിൻ രാത്രി അഴിച്ചു കടത്തി. ചൂർണിക്കര പഞ്ചായത്തിലെ കമ്പനിപ്പടിയിൽ നാലു കടകളുടെ ഷട്ടറിന്റെ പൂട്ടു പൊളിച്ച് അകത്തുകടന്നു സാധനങ്ങൾ അപഹരിച്ചു. ഇതു പ്രഫഷനൽ മോഷ്ടാക്കളല്ലെന്നും ഗുണ്ടാ സംഘങ്ങളാണെന്നുമാണു പൊലീസിന്റെ പ്രഥമിക നിഗമനം.

തോട്ടയ്ക്കാട്ടുകരയിൽ ഒരു വീടിന്റെ വാതിൽ മൂന്നു പേർ ചേർന്നു കമ്പിപ്പാര ഉപയോഗിച്ചു പൊളിക്കുന്നതു സമീപത്തെ വീട്ടിൽ കുടുങ്ങിക്കിടന്ന ചാലക്കുടി അഖിൽ കൃഷ്ണ നേരിൽ കണ്ടെങ്കിലും നിസ്സഹായനായിരുന്നു.

രാത്രി മൊബൈൽ ഫോൺ വെട്ടത്തിലാണു മോഷ്ടാക്കൾ എത്തിയത്.

മൂന്നു ദിവസത്തിനു ശേഷം വെള്ളം ഇറങ്ങിയപ്പോഴാണു രക്ഷാപ്രവർത്തകരുടെ സഹായത്തോടെ അഖിലിനു പുറത്തു കടക്കാനായത്.